

# ശ്രദ്ധ

2017 ഒക്ടോബർ

ലക്കം - 6

www.devakiwarrier.org

## ദേവകീവാര്യർ സ്മാരക വാർത്താപത്രിക


മുഖപ്രസംഗം

# പ്രതിരോധകുത്തിവെപ്പ് - കുട്ടികളുടെ അവകാശം ; സമൂഹത്തിന്റെ ചുമതല




ടി. രാധാമണി
സെക്രട്ടറി
ദേവകിവാര്യർ സ്മാരകം


മീസിൽസ്, റൂബെല്ലാ നിയന്ത്രണവും നിർമാർജനവും ലക്ഷ്യമാക്കി ലോകാരോഗ്യ സംഘടനയും യൂണിസെഫും സംയുക്തമായി ലോകമെമ്പാടും 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പ്രതിരോധകുത്തിവെയ്പ്പ് കൊടുക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. 2017 നവംബർ മൂന്ന് വരെയാണ് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. 2020 ഓടെ ഈ രോഗങ്ങളെ ഭൂമുഖത്തു നിന്ന് തുടച്ചു നീക്കുക എന്നതാണ് ലക്ഷ്യം. ഈ സംരംഭത്തിനെതിരെ പ്രചാരണവുമായി ചില വ്യക്തികളും സംഘടനകളും രംഗത്തെത്തിയിട്ടുണ്ട്. സോഷ്യൽ മീഡിയയിലൂടെയാണ് മാഗസിൻ വിതരണം പ്രചാരണം നടത്തുന്നത്. ആരോഗ്യരംഗത്തെ ചരിത്രം പരിശോധിച്ചാൽ മാരകമായ പല രോഗങ്ങളെയും മനുഷ്യൻ നിയന്ത്രണവിധേയമാക്കിയത് പ്രതിരോധ മരുന്നുകളിലൂടെയാണ് എന്ന് കാണാം.

അച്ചുകുത്ത് എന്ന് അറിയപ്പെട്ടിരുന്ന ഗോവസൂരി പ്രയോഗത്തിലൂടെയാണ് വസൂരി എന്ന മാരക രോഗത്തെ മനുഷ്യൻ കീഴ്പ്പെടുത്തിയത്. ക്ഷയം, പോളിയോ, ടെറ്റനസ് മെനഞ്ചൈറ്റിസ്, ടൈഫോയിഡ്, മലേറിയ ഹൈഡ്രോഫോബിയ അങ്ങനെ എത്രയെത്ര രോഗങ്ങളിൽ നിന്ന് പ്രതിരോധ കുത്തിവെയ്പ്പിലൂടെ മനുഷ്യരാശിയെ രക്ഷിക്കാൻ കഴിഞ്ഞു. ഗോവസൂരിപ്രയോഗത്തിനെതിരെ വലിയ പ്രതിഷേധമാണ് അക്കാലത്ത് ജനങ്ങളിൽ നിന്ന് ഉയർന്നുവന്നത്. ദേവിയുടെ അനുഗ്രഹമാണ് വസൂരിരോഗം എന്നുവരെ പ്രചരിപ്പിച്ചിരുന്നു. അച്ചുകുത്തുപിള്ളയിൽ നിന്ന് മക്കളെ ഒളിപ്പിച്ചു വെക്കാൻ അമ്മമാർ പരമാവധി ശ്രമിച്ചിരുന്നു. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും എതിരെ പ്രവർത്തിച്ചു വന്നിരുന്ന നവോത്ഥാന പ്രവർത്തകർ തന്നെയാണ് ഈ രംഗത്തും ജനരക്ഷക്ക് എത്തിയത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഇം.എം.എസ് ചെയർ ഉദ്ഘാടനം ചെയ്തപ്പോൾ ഇ.എം.എസിനെപ്പറ്റി ഒരു പേപ്പർ അവതരിപ്പിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. വളരെ മുതിർന്ന ഒരു കോളേജ് അധ്യാപിക ഇ.എം.എസിനെ ആദ്യമായി കണ്ട സംഭവം വിവരിക്കുകയുണ്ടായി. കോളേജ് വിദ്യാർത്ഥിയായിരുന്ന ഇ.എം.എസ് തിരൂർ ഗവ. ഹൈസ്കൂളിൽ എത്തിയത് വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും ഗോവസൂരിപ്രയോഗത്തിന്റെ അത്യാവശ്യകതയെപ്പറ്റി ബോധവൽക്കരിക്കാനായിരുന്നു. പ്രതിരോധകുത്തിവെപ്പുകളിലൂടെയും സ്ത്രീ വിദ്യാഭ്യാസത്തിലൂടെയും ആണ് കേരളം മികച്ച ആരോഗ്യനിലവാരം നേടിയെടുത്തത്. ദേവകിവാര്യർ സ്മാരകത്തിലെ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം കാൻസർ രോഗത്തിന് ഒരു പ്രതിരോധമാർഗ്ഗം കണ്ടുപിടിക്കാത്തത് ജനങ്ങൾക്ക് എത്ര ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് പറഞ്ഞറിയിക്കേണ്ട കാര്യമില്ല. എന്തുകൊണ്ട് ഈ രോഗം വരുന്നു എന്നും ഇതിനെ പ്രതിരോധിക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ ആരോഗ്യരംഗത്ത് ഗവേഷണം നടത്തുന്നവർക്ക് സാധിക്കണമേയെന്നും എല്ലാ ദിവസവും ആത്മാർത്ഥമായി ആഗ്രഹിച്ചുപോകുന്ന സ്ഥിതിയിലാണ് ഞങ്ങൾ. അതിനിടയിലാണ് ഡിഫ്തീരിയ പോലെയുള്ള അസുഖങ്ങൾക്കു പോലും കുത്തിവെപ്പ് എടുക്കാതെ കുട്ടികൾ മരിക്കുന്ന സാഹചര്യം ഇവിടെ ഉണ്ടാകുന്നത്. 2017ൽ ഇതുവരെ 391 പേർ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഡിഫ്തീരിയ ബാധിച്ച് ചികിത്സതേടിയിട്ടുണ്ട്. അതിൽ 54 പേർക്ക് രോഗം സ്ഥിരീകരിച്ചു. മലപ്പുറത്ത് മൂന്നുപേരും എറണാകുളത്ത് രണ്ടുപേരും കോഴിക്കോട്ട് ഒരാളും മരണത്തിന് കീഴടങ്ങി. പ്രതിരോധ കുത്തിവെപ്പുകൊണ്ട് 100 ശതമാനവും തടയാവുന്ന രോഗമാണ് ഡിഫ്തീരിയ. പക്ഷേ, കേരളത്തെ പിറകോട്ട് വലിക്കാൻ ശ്രമിക്കുന്ന ചില പിന്തിരിപ്പൻ ശക്തികൾ പ്രതിരോധ കുത്തിവെപ്പുകൾക്കെതിരെ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. സ്വന്തം കുട്ടികൾക്ക് പ്രതിരോധകുത്തിവെപ്പുകൾ ഒന്നും നല്കാൻ പാടില്ല എന്ന് നിഷ്ക്കർഷിക്കുന്നവരുമുണ്ട്. ഇത്തരം ആളുകൾ സാക്ഷര കേരളത്തിനു തന്നെ അപമാനമാണ്. ശാസ്ത്രബോധമുള്ള ഒരു ജനത എന്ന നിലയിൽ നമ്മൾ ഒറ്റക്കെട്ടായി ഇത്തരം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പൊരുതേണ്ടതുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ രോഗങ്ങളിൽ നിന്ന് രക്ഷിക്കേണ്ടതുണ്ട്.

## രോഗികൾക്കൊപ്പം ഓണാഘോഷം



വനിത കമ്മീഷനംഗം ഇ.എം. രാധ ഓണാഘോഷം ഉദ്ഘാടനം ചെയ്യുന്നു

ദേവകി വാര്യർ സ്മാരകത്തിലെ ഓണാഘോഷം ട്രിഡാ വിശ്രമസങ്കേതത്തിന്റെ മുറ്റത്ത് ആഘോഷിച്ചു. വനിതാകമ്മീഷൻ അംഗം ഇ.എം. രാധ ഓണാഘോഷം ഉദ്ഘാടനം ചെയ്തു. ദേവകി വാര്യർ സ്മാരകത്തിന്റെ ജോയിന്റ് സെക്രട്ടറിയായി വന്ന പത്മിനിവർക്കിയുടെ മകൾ അരുണാ വർക്കി രോഗികൾക്ക് ഓണക്കോടി വിതരണം ചെയ്തു. ഈ വർഷത്തെ ഓണസദ്യയുടെ ചിലവ് വഹിച്ചത് വിരമിച്ച കോളേജ് അധ്യാപിക സംഘടനയായ "സാന്ത്വനം" ആണ്. സാന്ത്വനത്തിന്റെ പ്രിസിഡന്റ് ദിവാകരൻനായർ, സെക്രട്ടറി രാജേന്ദ്രൻ നായർ, അംഗങ്ങൾ മുതലായവർ പരിപാടിയിൽ പങ്കെടുത്തു. അന്തേവാസികളോടൊപ്പം ഊണ് കഴിച്ചാണ് അവർ മടങ്ങിയത്. ദേവകി വാര്യർ സ്മാരകത്തിന്റെ കമ്മറ്റി അംഗമായ ഡോ: ആർ.ബി.രാജലക്ഷ്മിയാണ് എല്ലാ അന്തേവാസികൾക്കും ഓണക്കോടി നൽകാനുള്ള തുക സംഭാവനയായി തന്നത്. നന്മ കുടുംബശ്രീ കാന്റീനാണ് സദ്യ നൽകിയത്. 145 പേർ സദ്യയിൽ പങ്കാളികളായി. ചാലക്കുഴി റേഡ് റസിഡന്റ്സ് അസോസിയേഷൻ, ഭാരവാഹികൾ, ആശ്രയുടെ അംഗങ്ങൾ, അഭയകേന്ദ്രം, സൗഹൃദ വേദി, ഇവയുടെ പ്രധാനപ്രവർത്തകർ എന്നിവരെല്ലാം ഓണഘോഷത്തിൽ പങ്കെടുത്തു.

വൃദ്ധസദനമായ സ്നേഹസാന്ത്വനത്തിൽ വെച്ചും വിപുലമായ ഓണാഘോഷം സംഘടിപ്പിച്ചു. അവിടത്തെ അന്തേവാസികൾക്കും പകൽ വീട്ടിലെ അംഗങ്ങൾക്കും ജീവനക്കാർക്കും ഓണക്കോടി വിതരണം ചെയ്തു. സജി ഒളിംപിക് ട്രസ്റ്റിന്റെ ഭാരവാഹികളും ജനപ്രിനിധികളും ഉൾപ്പെടെ 500ലേറെ പേർ പങ്കെടുത്തു.

# പത്മിനിചേച്ചിയെ ഓർമ്മിക്കുവാൻ



ഷെൽട്ടർഹോമിന്റെ ഉദ്ഘാടനം ധനമന്ത്രി ഡോ. തോമസ് ഐസക് നിർവ്വഹിക്കുന്നു.

കേരള വർക്കിംഗ് വിമൻസ് അസോസിയേഷൻ പ്രസിഡന്റും ദേവകിവാര്യർ സ്മാരകത്തിന്റെ ജോയിന്റ് സെക്രട്ടറിയുമായിരുന്ന പത്മിനി വർക്കി ഓർമ്മയായിട്ട് രണ്ടുവർഷത്തോടടുക്കുന്നു പത്മിനി ചേച്ചിയുടെ ദീപ്തമായ ഓർമ്മകൾ നിലനിർത്തുന്നതിനും സാമൂഹ്യസേവനരംഗത്ത് അവർ തെളിച്ച വഴികളിലൂടെ പുതുതലമുറയ്ക്ക് മുന്നേറാൻ പ്രചോദനമേകുന്നതാണ്. സംഘടനരംഗത്ത് അവർ നൽകിയിട്ടുള്ള സംഭാവനകൾ നെട്ടയത്ത് ആര്യനാടിൽ വർക്കിംഗ് വിമൻസ് അസോസിയേഷൻ സ്വന്തമായി നിർമ്മിച്ച പത്മിനി വർക്കി സ്മാരകം അവരോടുള്ള ആദരവും സ്നേഹവും കടപ്പാടും വിളിച്ചോതുന്നു. സമൂഹത്തിന്റെ പലതരത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതിനുള്ള പദ്ധതികളാണ് ഈ സ്ഥാപനത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളിലൂടെ സാധ്യമാക്കുന്നത്. ആരാലും ശ്രദ്ധിക്കപ്പെടാതെ പലസ്ഥലങ്ങളിലായി അലഞ്ഞു തിരിഞ്ഞു നടക്കുന്ന സ്ത്രീകളെയും വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ട അമ്മമാരെയും തുടങ്ങി അന്യസംസ്ഥാനങ്ങളിൽ നിന്ന് വഴിതെറ്റിയെത്തുന്ന സ്ത്രീകളെയും പെൺകുട്ടികളെയുമെല്ലാം പോലീസ് ഈ സ്ഥാപനത്തിൽ കൊണ്ടെത്തിക്കുന്നു. അവർക്ക് സുരക്ഷിതമായ ഇടം നൽകി ഭക്ഷണവും വസ്ത്രവും നൽകി സംരക്ഷിക്കുന്നു.

അശരണരായ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം തുടരുന്നതിനും ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ ജീവിതവും നിയമ സംരക്ഷണവും പുനരധിവാസവും നൽകുന്നു. രോഗബാധിതരായവർക്ക് വൈദ്യസഹായവും മാനസ്സികമായി തകർന്നവർക്ക് കൗൺസിലിംഗും നൽകുന്നു. പ്രതീക്ഷാനിർഭരമായ ഒരു ജീവിതത്തിലേയ്ക്ക് അവരെ കൈപിടിച്ചു കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന സംഘടനയ്ക്ക് സ്വന്തമായൊരു കെട്ടിടം ഇന്നു സാദ്ധ്യമായിട്ടുണ്ട്.

വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവന്ന ഷെൽട്ടർ ഹോമിന് സ്വന്തമായൊരു കെട്ടിടം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് പ്രസിഡന്റായിരുന്ന പത്മിനി വർക്കിയുടേയും സെക്രട്ടറി ശ്രീമതി റ്റി. രാധാമണിയുടേയും നേതൃത്വത്തിൽ നടന്ന നിസ്തുലമായ പരിശ്രമങ്ങൾ ഇവിടെ സഫലമാവുകയായിരുന്നു. ഡോ. റ്റി. എൻ സീമ എം.പിയായിരുന്നപ്പോൾ ലഭിച്ച ഫണ്ടും കൊച്ചിൻ ഷിപ്പിയാർഡ് നൽകിയ ഫണ്ടും സംഘടനയുടെ പരിശ്രമഫലമായി സ്വരൂപിച്ച ലോണുകളുമൊക്കെയായി കെട്ടിടത്തിന്റെ പണി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് ഏറ്റെടുത്തു നടത്തിയത്. 2017 മെയ് 30ന് കേരളത്തിന്റെ ധനമന്ത്രി ഡോ. തോമസ് ഐസക് ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു എം.പി സി.പി നാരായണൻ, കൊച്ചിൻ ഷിപ്പിയാർഡ് ഉദ്യോഗസ്ഥർ, ഹാബിറ്റാറ്റ് ശങ്കർ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രമുഖരായ പലരും പങ്കെടുത്തു. ഉദ്ഘാടനസമ്മേളനത്തിനു മുന്നോടിയായി പേരൂർക്കട ഏര്യയിലെ ബാലസംഘം കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി. പരിപാടിയിൽ പങ്കെടുത്ത കുട്ടികൾക്ക് ഉപഹാരങ്ങൾ നൽകി ആദരിച്ചു. ഇപ്പോൾ മുപ്പതോളം സ്ത്രീകളെയും കുട്ടികളെയും സംരക്ഷിച്ചു വരുന്നു. പുതിയ കെട്ടിടത്തിലേക്ക് താമസം മാറുന്നതോടെ കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടുതൽ പേർക്ക് താമസ സൗകര്യം ഒരുക്കുന്നതിനും സാധിക്കുന്നതാണ്. സ്ഥാപനത്തിനു സമീപം താമസിക്കുന്നവരുടെയും നാട്ടുകാരുടേയും പിന്തുണയും സ്നേഹവും സംഘടനയ്ക്കു ലഭിക്കുന്നുണ്ട്.

പി.എൻ. സരസമ്മ



മുത്തശ്ശി



പ്രതിരോധകുത്തിവെപ്പ് - കുട്ടികളുടെ അവകാശം

# ജന്മദിനാഘോഷം സാർത്ഥകമായി....



ആർ.സി.സി. യുടെ അസിസ്റ്റന്റ് ഡയറക്ടറായ ഡോ. സി കുസുമകുമാരി ഷോർട്ട് ഫിലിമിനുള്ള അവാർഡ് വിതരണം ചെയ്യുന്നു.

മുൻവർഷങ്ങളിലെപ്പോലെ 2017 ജൂൺ 12 തിങ്കളാഴ്ച ദേവകിവാര്യരുടെ ജന്മദിനാഘോഷങ്ങൾ സത്യൻ സ്മാരകഹാളിൽ നടന്നു. ഈ വർഷത്തെ ദേവകി വാര്യർ സ്മാരക അവാർഡ് നല്കിയത് സ്ത്രീകൾ സംവിധാനം ചെയ്ത ഷോർട്ട് ഫിലിമിനായിരുന്നു. 4 ഷോർട്ട്ഫിലിമാണ് മത്സരത്തിൽ പങ്കെടുത്തത്. അതിൽ രണ്ടെണ്ണം ഉന്നതനിലവാരം പുലർത്തുന്നതായി ജഡ്ജിംഗ് കമ്മിറ്റി വിലയിരുത്തി.
ഷാജി. എൻ. കരുൺ, ഉഷ എസ്. നായർ, ഡോ പ്രിയ എ. എസ് എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് മികച്ച ഫിലിമുകൾ തിരഞ്ഞെടുത്തത്. കൗസല്യ ജഗന്നാഥൻ, ബിന്ദു ഗോപിനാഥ് എന്നിവരാണ് സമ്മാനാർഹരായത്. 1000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന അവാർഡ് ആർ സി സി യുടെ അസിസ്റ്റന്റ് ഡയറക്ടറായ ഡോ. സി കുസുമകുമാരി വിതരണം ചെയ്തു. ചടങ്ങിൽ സംബന്ധിക്കാം എന്ന് ഏറ്റിരുന്ന ആരോഗ്യസാമൂഹ്യക്ഷേമവകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ ഉപരാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് എത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ഡോ. കുസുമകുമാരി അവാർഡ് വിതരണം നടത്തിയത്. ആശംസകൾ അർപ്പിക്കാമെന്നേറ്റിരുന്ന വനിതാക്കമ്മീഷൻ അധ്യക്ഷ ശ്രീമതി ജോസഫൈനും വന്നെത്താൻ കഴിഞ്ഞില്ല. പക്ഷേ കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായ ടി.കെ മീരാഭായി ടീച്ചർ നമ്മുടെ പ്രത്യേക ക്ഷണം സ്വീകരിച്ച് ചടങ്ങിൽ എത്തുകയും വളരെ വിജ്ഞാനപ്രദവും രസകരവുമായ ഒരു പ്രസംഗം കാഴ്ചവെക്കുകയും ചെയ്തു. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ആദ്യ വനിതാ ജനറൽ സെക്രട്ടറിയുടെ സാന്നിധ്യം സദസ്സിൽ ആവേശം പകർന്നു. ദേവകിവാര്യർ സ്മാരകത്തിനു കീഴിലുള്ള ട്രിഡാ വിശ്രമ സങ്കേതത്തിലും ശ്രദ്ധയിലും താമസിക്കുന്ന 6 രോഗികൾക്ക് 1500 രൂപ വീതം ചികിത്സ സഹായവും വിതരണം ചെയ്തു.
കേരള സംസ്ഥാന പെൻഷനേഴ്സ് യൂണിയൻ അംഗങ്ങൾ അവതരിപ്പിച്ച തിരുവാതിരയും അനർഘയുടെ ഡാൻസും ഉന്നത നിലവാരം പുലർത്തി. അലീന സെയ്ദിന്റെയും ജൂനയുടെയും മോണോ ആക്ട്, ദേവകിവാര്യർ സ്മാരകത്തിന്റെ അംഗമായ ജമീലയുടെ കവിതാപാരായണം എന്നീ കലാപരിപാടികളും നല്ല നിലവാരമുള്ളതു തന്നെയായിരുന്നു. നിറഞ്ഞു കവിഞ്ഞ സദസ്സ് ദേവകിവാര്യർ സ്മാരകത്തിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾ അംഗീകരിച്ചതിന് തെളിവായിരുന്നു. അംഗങ്ങൾക്ക് പുറമേ സ്ഥിരമായി സംഭാവനതരുന്ന പലരും പരിപാടിക്ക് എത്തിച്ചേർന്നിരുന്നു.



സഹായ ഹസ്തമേകി...

# ആശ്വാസമേകി ശ്രദ്ധ



എയ്ഞ്ചൽ മേരി

ഞാൻ മാത്യു മുണ്ടയ്ക്കൽ. കണ്ണൂർ പയ്യന്നൂർ കുറ്റൂർ സ്വദേശി. എന്റെ മകൻ നിഷാദിന്റെ രണ്ടാമത്തെ മകൾ എയ്ഞ്ചൽ മേരി (3 വയസ്സ്) യെ പനിയും കഫത്തിന്റെ ശ്വാസതടസ്സവുമായി പയ്യന്നൂരിൽ കുട്ടികളുടെ ഡോക്ടറുടെ അടുത്തു കൊണ്ടുപോയി. ഡോക്ടർ പരിശോധിച്ച് എക്സ്റേ എടുക്കാനും രക്തം ടെസ്റ്റ് ചെയ്യാനും പറഞ്ഞു. ടെസ്റ്റ് റിപ്പോർട്ട് കണ്ടിട്ട് രക്തത്തിൽ എന്തോ പന്തികേട് തോന്നി ഡോക്ടർ മംഗലാപുരം കെ എം എൽ ആശുപത്രിയിൽ ഒരു ടെസ്റ്റ് നടത്തണമെന്ന് പറഞ്ഞു. ഓഗസ്റ്റ് 22 ന് ഞങ്ങൾ കെ എം എൽ യിൽ എത്തി. രണ്ടുദിവസത്തെ പരിശോധനകൾക്കു ശേഷം രക്തത്തിൽ കാൻസറിന്റെ അണുക്കൾ കാണുന്നുണ്ടെന്നും കൗണ്ട് കുറവാണെന്നും പറഞ്ഞു. വ്യാഴാഴ്ച രക്തം കേറ്റുകയും ബോൺ മാരോ ടെസ്റ്റ് നടത്തുകയും ചെയ്തു. ശനിയാഴ്ച ടെസ്റ്റ് റിപ്പോർട്ട് കിട്ടി. ഡോക്ടർ കുട്ടിക്ക് രക്താർബുദമാണെന്ന് പറഞ്ഞു. ഞങ്ങൾ ആകെ തകർന്നുപോയി. 2 വർഷവും 8 മാസവും നീണ്ട ചികിത്സവേണമെന്നും അതിന് 7 ലക്ഷം രൂപയോളമെന്നും ചികിത്സാഘട്ടത്തിൽ അനുബന്ധരോഗങ്ങൾ ഉണ്ടാകുമെന്നും അതിനുള്ള ചിലവ് കണക്കാക്കാൻ പറ്റില്ലെന്നും പറഞ്ഞു. അവിടത്തെ ചികിത്സ ഞങ്ങൾക്ക് താങ്ങാൻ പറ്റാത്തതിനാൽ ഞങ്ങൾ തിരുവനന്തപുരം ആർ സി സി യിലേക്ക് പോവുകയാണെന്ന് പറഞ്ഞു. ഡോക്ടർ കത്തും ടെസ്റ്റ് റിപ്പോർട്ടും തന്നു. ഓഗസ്റ്റ് 28ന് ഞങ്ങൾ ആർ സി സി. യിൽ വന്നു. ഡോക്ടർമാർ രണ്ടുദിവസം പരിശോധിച്ച് രോഗം സ്ഥിരീകരിച്ചു. ചികിത്സ തുടങ്ങി. രണ്ടര വർഷം നീണ്ട ചികിത്സയാണ് നിർദ്ദേശിച്ചത്. 6 മാസം ആർ സി സി ക്ക് അടുത്ത് താമസിക്കണമെന്നും ഏതു സമയത്തും ആശുപത്രിയിൽ കാണിക്കണമെന്നും പറഞ്ഞു. ഞങ്ങൾ 6 ദിവസം ഇ കെ നയനാർ ട്രസ്റ്റിന്റെ വിശ്രമ സങ്കേതത്തിൽ താമസിച്ചു. ദിവസം 300 രൂപ കൊടുക്കണം.
എന്റെ ഭാര്യ മേരി നാട്ടിൽ കുടുംബശ്രീയുടേയും മഹിളാ അസോസിയേഷന്റെയും കെ.സ്. കെ.ടി.യു വിന്റെയും പ്രവർത്തകയാണ്. അതിനാൽ നാട്ടിലുള്ള പൊതു പ്രവർത്തകരെ ഒക്കെ പരിചയമാണ്.. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പറും മഹിളാ പ്രവർത്തകയും സി പി ഐ എം പ്രവർത്തകയുമായ സി പി ലക്ഷ്മികുട്ടി ടീച്ചറെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. ടീച്ചർ ടി. രാധാമണി മാഡത്തിന്റെ ഫോൺ നമ്പർ തരുകയും മാഡത്തിനോട് ഞങ്ങളുടെ കാര്യങ്ങൾ പറയുകയും ചെയ്തു. ഞങ്ങളോട് ദേവകിവാര്യർ മെമ്മോറിയൽ ശ്രദ്ധ എന്ന സ്ഥാപനത്തിൽ താമസിക്കുവാനും നിങ്ങൾക്ക് വേണ്ടുന്ന സഹായങ്ങൾ കിട്ടുമെന്നും നിങ്ങൾ ഒറ്റപ്പെട്ടുപോകില്ലെന്നും പറഞ്ഞു. സെപ്തംബർ 4ന് തിരുവോണ ദിവസം വൈകുന്നേരം ഞങ്ങൾ ശ്രദ്ധയിൽ വന്നു. ഇന്ദിര മാഡവും ഐയിഷമാഡവും ഞങ്ങൾക്ക് തുണയായി. കിടക്കയും വസ്ത്രവും കുളിക്കാനും അലക്കാനും സൗകര്യവുമുണ്ട്. ദിവസം 3 നേരം ഭക്ഷണവും 4 മണിക്ക് ചായയും. ആർ സി സി യിൽ കുട്ടികളുടെ വിഭാഗത്തിൽ പോവുകയും അവിടെയുള്ള കുട്ടികളെ കാണുകയും ഡോക്ടമാരുടെ പെരുമാറ്റവും എല്ലാം കണ്ട് ഞങ്ങളുടെ വിഷമങ്ങളൊക്കെ കുറയുകയും ചെയ്തു. ശ്രദ്ധയിലെ താമസ സൗകര്യവും ഇവിടെയുള്ളവരുടെ പെരുമാറ്റവും ആശ്വാസവാക്കുകളും ഞങ്ങളെ പോലെ ഇവിടെയുള്ളവരുടെ സൗഹൃദവും ഞങ്ങൾക്ക് ആശ്വാസമേകുന്നു. ആശുപത്രിയിലേക്ക് ഇവിടെ നിന്ന് എപ്പോൾ പോകാനും എളുപ്പമാണ്. ശ്രദ്ധയിൽ എത്തിപ്പെടാൻ സാധിച്ചത് എത്രനന്നായി . അല്ലായിരുന്നുവെങ്കിൽ തിരുവനന്തപുരം എന്ന ഈ മഹാനഗരത്തിൽ ഞങ്ങളെപ്പോലുള്ള പാവങ്ങൾ എന്തു ചെയ്തേനേ? ഇങ്ങനെയുള്ള സ്ഥാപനങ്ങൾ നടത്തുന്നവർക്കും പാവങ്ങൾക്കും രോഗികൾക്കുവേണ്ടി ജീവിതവും സമ്പത്തും സമയവും നീക്കിവെച്ച നല്ലവരായ ആളുകൾക്ക് ആയുസ്സും ആരോഗ്യവും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മാത്യൂ മുണ്ടയ്ക്കൽ
അഞ്ചൽ, കണ്ണൂർ

# സാധന അനാഥർക്ക് ആശ്രയം

10വർഷങ്ങൾക്ക് മുമ്പ് റോഡിൽ അനാഥരായി അലഞ്ഞു നടക്കുന്ന സഹോദരങ്ങളെ കണ്ട് ഫാദർ കുരിക്കാടിന്റെ മനസ്സിൽ മുളപൊട്ടിയ ഒരാശയമാണ് സാധന. ചുരുക്കം ചില പേരുകൾ ഒഴിച്ചു നിർത്തിയാൽ ബാക്കി എല്ലാവരും അനാഥർ തന്നെ. ഇപ്പോൾ 85 % അന്തേവാസികളുണ്ട്. എല്ലാ ശനിയാഴ്ചകളിലും ഊഴമനുസരിച്ച് അവരെ പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിൽ കൊണ്ടുപോകും. ഒരു ദിവസം പോലും മുടങ്ങാതെ മരുന്ന് കൊടുക്കാൻ ഒരു സിസ്റ്റർ ആന്റിയുണ്ട്. ഇതിനെക്കാൾ അധികം അത്ഭുത പ്രവൃത്തി നടക്കുന്നത് ഭക്ഷണകാര്യത്തിലാണ്. ഇവിടെയുള്ള അന്തേവാസികൾക്കുള്ള ഉച്ചക്കുള്ള ഭക്ഷണം എത്തിക്കുന്നത് വിഴിഞ്ഞം മുതൽ കൊച്ചുവേളിവരെയുള്ള തീരപ്രദേശങ്ങളിലുള്ള ഓരോ വീട്ടിൽ നിന്നുമാണ്. തങ്ങൾക്ക് ഭക്ഷിക്കാൻ ആഹാരം പാകം ചെയ്യുമ്പോൾ ഒരു പൊതി ചോറുകൂടി അവർ സാധനയിലുള്ള മക്കൾക്കായി കരുതിവെക്കുന്നു. സാധനയിൽ നിന്നെത്തുന്ന സംഘം ഇവരുടെ വീടുകളിലെത്തി പൊതിചോറുകൾ ഏറ്റുവാങ്ങുന്നു. സാധനയിലെ മക്കൾക്കുള്ള ഭക്ഷണം കൊടുത്തുവിട്ടിട്ട് മാത്രമേ ഈ വീടുകളിലുള്ളവർ ഭക്ഷണം കഴിക്കാറുള്ളൂ എന്നത് ഓരോ തീരവാസികളുടെ സ്നേഹത്തിന്റെയും കരുണയുടേയും മുഖം കാണിച്ചുതരുന്നു. അന്നം മുട്ടാതെ സാധനയെ താങ്ങി നിർത്തുന്നത് ഈ സ്നേഹമനസ്സുകളാണ്.
മനുഷ്യമനസ്സിന്റെ താളം തെറ്റുവാൻ ഒരു നിമിഷം മാത്രം മതിയെന്ന് ഓരോ അന്തേവാസിയുടേയും ജീവിതം നമുക്ക് കാട്ടിത്തരുകയാണ്. കൺമുന്നിൽ കണ്ട ഭീകരദൃശ്യങ്ങളും സമൂഹം അവരോട് കാട്ടിയ കനിവില്ലായ്മയും ഒക്കെയാണ് പലരെയും മറവിയുടെ മായാലോകത്ത് എത്തിച്ചത്. ഇതെല്ലാം നമുക്ക് ഒരു ഓർമ്മപ്പെടുത്തലാണ് സമൂഹത്തോട് ഉപാധികളില്ലാതെ ദയ കാട്ടണമെന്ന ഓർമ്മപ്പെടുത്തൽ. ഒരു വാക്കുകൊണ്ടു പോലും ആരെയും ദ്രോഹിക്കാതെ ഒരു പുഞ്ചിരി കൊണ്ടെങ്കിലും മറ്റുള്ളവരെ സന്തോഷിപ്പിക്കണമെന്ന ഓർമ്മപ്പെടുത്തൽ.
സാധന ആരംഭിച്ചതുമുതൽ ഈ മക്കളുടെ തുണികൾ കഴുകുന്നത് വലിയതുറയിൽ നിന്നുള്ള ഒരു കൂട്ടം അമ്മമാരാണ്. ഒന്നിടവിട്ട ദിവസങ്ങളിൽ അവർ സാധനയിലെത്തി തുണി കഴുകി തിരിച്ചുപോകും. അവർ അത് ചെയ്യുന്നത് ഒരു നേർച്ച പോലെയാണ്. വാഷിംഗ് മെഷീൻ വാങ്ങിക്കല്ലേ; ഞങ്ങൾക്കിത് ചെയ്യണം എന്നാണ് അവരുടെ അപേക്ഷ.

ലക്ഷ്മി ഗിരിധരൻ

ശ്രദ്ധ

സൗജന്യ ഉച്ചഭക്ഷണം

തിരുവനന്തപുരം മെഡിക്കൽകോളേജിൽ 'ശ്രദ്ധ'യുടെ ആഭിമുഖ്യത്തിൽ എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്തുവരുന്നു. സുമനസ്സുകളുടെ സഹായം ഉള്ളതുകൊണ്ടാണ് ഞങ്ങൾക്കിത് സാദ്ധ്യമാകുന്നത്. ഈ കാരുണ്യസേവനപ്രവർത്തനത്തിൽ പങ്കാളിയാകുവാൻ താല്പര്യമുള്ളവരെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. സംഭാവന നൽകുവാൻ

അക്കൗണ്ട് നമ്പർ : 57000699425, IFSC Code: SBTR0000515
എസ്. ബി. ടി, സെക്രട്ടേറിയറ്റ് വ്യൂ ബ്രാഞ്ച്

# കാരുണ്യ സങ്കേതം

ജീവിതയാത്രയിൽ സഹോദരി സഹോദരന്മാരുടെ കണ്ണുകളിലേക്ക് ആത്മാർത്ഥതയോടെ നോക്കുന്ന ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ വസിക്കുന്ന മൗലിക നിയമമാണ് കരുണ. സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനഘടകമാണ് കാരുണ്യപ്രവൃത്തികൾ. ഇത് മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുന്ന ഒരു പാലമാണ്. കാരുണ്യപ്രവൃത്തികൾ നാം നിർവ്വഹിക്കാതിരുന്നാൽ നമ്മുടെ ജീവിതം ഫലരഹിതമായി തീരും. ഈ ഒരു തിരിച്ചറിവിൽ നിന്നാണ് കാരുണ്യ പ്രവൃത്തികൾ ജീവിതത്തിൽ പ്രയോഗികമാകുന്നതിന് വിവിധ കാരുണ്യ സങ്കേതങ്ങൾ രൂപം കൊണ്ടിരിക്കുന്നത്. ഇതിന് ഉദാഹരണമാണ് തിരുവനന്തപുരം, ചാലക്കുഴി ഭാഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദേവകിവാര്യർ മെമ്മോറിയൽ എന്ന സ്ഥാപനം. ഇവിടെ എത്തിച്ചേരുന്ന അനേകം രോഗികൾക്ക് താങ്ങും തണലുമായി ഈ സ്ഥാപനം വിരാജിക്കുന്നു എന്ന് പറയുവാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. കാരണം കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളിയിലുള്ള, ചേനപ്പാടി എന്ന് ഗ്രാമത്തിൽ നിന്ന് തലയ്ക്ക് മാരകമായ ഓപ്പറേഷൻ നടത്തുവാൻ ശ്രീചിത്തിര ആശുപത്രിയിൽ എത്തിച്ചേർന്ന് തകരനാട്ടുകുന്ന്പള്ളി ഇടവകക്കാരനായ ശ്രീ. സാബു പി.ബി പാതിപ്പാറ എന്നയാളിന് ഈ സ്ഥാപനത്തിൽ നിന്ന് ലഭിച്ച സഹായസഹകരണങ്ങൾ വലിയൊരു സാക്ഷ്യമായി നിലകൊള്ളുന്നു.
ഞങ്ങളുടെ നാട്ടുകാരിയായ പി വി നാരായണിയമ്മ എന്ന സഹോദരിയിൽ നിന്നാണ് ഈ ഒരു സ്ഥാപനത്തെക്കുറിച്ചു അറിയുവാനിടയായത്. തിരുവനന്തപുരത്ത് യാതൊരു പരിചയവുമില്ലാതിരുന്ന സാബുവിനും, കുടുംബാംഗങ്ങൾക്കും ഈ പ്രസ്ഥാനവും അതിലെ പ്രവർത്തകരും കാരുണ്യത്തിന്റെ സങ്കേതങ്ങളായിതീർന്നു. ഇതിന് നേതൃത്വം വഹിച്ചത് ശ്രീമതി പി വി നാരായണിയമ്മയായിരുന്നു 2018 ഏഴാം മാസത്തിൽ മാത്രം ഓപ്പറേഷന് തീയതി ലഭിച്ച സാഹചര്യത്തിൽ ശ്രീമതി നാരായണിയമ്മയുടെ പ്രത്യേകമായ ഇടപെടൽ മൂലം നേരത്തെ തന്നെ ഓപ്പറേഷൻ നടത്തുവാൻ സാബുവിന് സാധിച്ചു. താമസസൗകര്യം വേണ്ട വിധത്തിൽ ക്രമീകരിക്കുവാൻ ശ്രീമതി നാരായണിയമ്മ സഹായ സഹകരണങ്ങൾ ചെയ്തു കൊടുത്തു. അടിയന്തര സാഹചര്യത്തിൽ ഒരു ദൈവദൂതനെപ്പോലെ സഹായിച്ച ശ്രീമതി നാരായണിയമ്മക്ക് ദൈവാനുഗ്രഹങ്ങൾ ധാരാളം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ലഭിച്ച തികച്ചും സൗജന്യനിരക്കിൽ താമസസൗകര്യങ്ങളും, ഭക്ഷണകാര്യങ്ങളും എന്നും നന്ദിയോടെ ഓർക്കുന്നു. ഇനിയും നിർദ്ധനരായ അനേകായിരങ്ങൾക്ക് ഈ സ്ഥാപനം കാരുണ്യത്തിന്റെ സങ്കേതമായിതീരട്ടെ. എല്ലാ നന്മകളും ആശംസിക്കുന്നു.



ഫാ. ജയിംസ് തെക്കുംചേരിക്കുന്നേൽ
സെന്റ് ആന്റണീസ് ചർച്ച്
തരകനാട്ടുകുന്ന്, ചേനപ്പാടി




# അനുഭവ സാക്ഷ്യങ്ങൾ

## വെളിച്ചമേകി....


അഭയ

എന്റെ മകൾ അഭയ 10 വയസ്സ്. 5 -ാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് മകളുടെ കാലിൽ മുഴ കണ്ടത്. ഞങ്ങൾ കോട്ടയം മെഡിക്കൽ കോളേജിൽ ഒരു മാസത്തോളം ചികിത്സ ചെയ്തിട്ടാണ് അവിടുത്തെ അസ്ഥി വിഭാഗത്തിൽ പോയി ഡോക്ടർമാർ പറഞ്ഞതിന്റെ ഫലമായി ബയോപ്സി ചെയ്തത്. ബയോപ്സി ചെയ്തതിനുശേഷമാണ് ക്യാൻസർ ആണ് എന്ന് അറിഞ്ഞത്. ഞങ്ങളെ അവിടെ നിന്ന് ആർ.സി.സി യിലേക്ക് പറഞ്ഞു വിട്ടു. ഞങ്ങൾ അവിടെ എത്തി. ഡോക്ടറിനെ കണ്ടപ്പോൾ ബോൺ സ്കാൻ ചെയ്യണമെന്ന് പറഞ്ഞു ഞങ്ങൾക്ക് ഇവിടെ താമസസൗകര്യം ഒന്നുമില്ലായിരുന്നു ഓരോ സ്ഥാപനത്തിലും അന്വേഷിച്ചു വന്നതിനുശേഷമാണ് ദേവകി വാര്യർ ട്രസ്റ്റ് കണ്ടത്. അവിടെ സൗജന്യതാമസ സൗകര്യവും സൗജന്യമായി നാലുനേരം ഭക്ഷണവും നൽകി. അവിടെ ആർ.സി.സി യിൽ 6 കിമോയും സർജറിയും കഴിഞ്ഞു. എന്റെ മകൾക്ക് കിമോയ്ക്കും, ഓപ്പറേഷനും വേണ്ടി ഞങ്ങൾ ഈ സ്ഥാപനത്തിൽ പല തവണ വന്നിട്ടുണ്ട്. ഒരിക്കൽപ്പോലും ഇവിടെ താമസ സൗകര്യം കിട്ടാതിരുന്നിട്ടില്ല.

ഒന്നിനും കുറവില്ലാതെ ഇവിടെ താമസിച്ച കാലയളവ് എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. പ്രത്യേകിച്ച് ഐഷ്വ്യാന്റിയുടെയും ഇന്ദിരാന്റിയുടെയും കൂടാതെ ഇവിടെ നടത്തിപ്പുകാരോടും തീർത്താൽ തീരാത്ത നന്ദിയുണ്ട്. ഏഴു മാസത്തെ താമസത്തിനുശേഷം ഇവിടെ നിന്നു പടിയിറങ്ങുമ്പോൾ കണ്ണുകൾ നിറയുന്നു. നന്ദി പറയാൻ വാക്കുകൾ ഇല്ലാതെ മനസ്സു തേങ്ങുന്നു. ഒരുപാട് നന്ദിയുണ്ട് എല്ലാവർക്കും. ദേവകി വാര്യർ സ്ഥാപനത്തിലെ എല്ലാ രക്ഷാധികാരികൾക്കും എന്റെ ഹൃദയം നിറഞ്ഞ പ്രാർത്ഥനയോടെ ......

അഭയയുടെ അമ്മ
പ്രീത ജോസഫ്

## സ്തനാർബുദം ഒഴിവാക്കാൻ ശ്രദ്ധിക്കുക

* പൊണ്ണത്തടിയും അമിത ശരീരഭാരവും ഒഴിവാക്കുക
* മദ്യപാനം, പുകവലി എന്നിവ ഒഴിവാക്കുക
* ദിവസം 30 മുതൽ 40 മിനിട്ടു വെച്ച് ആഴ്ചയിൽ 5 ദിവസം വ്യായാമം ചെയ്യുക
* ചുവന്ന മാംസം ഒഴിവാക്കുക
* നാരുള്ള ഭക്ഷണം, തവിടുള്ള ധാന്യം, മത്സ്യം എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക
* സോയാ പ്രോട്ടീൻ ഉപയോഗിക്കുക
* നേരത്തേയുള്ള ഗർഭധാരണവും മുലയൂട്ടലും
* കൂടുതൽ അപകട സാധ്യതയുള്ളവർക്ക് മരുന്നുകൊണ്ടുള്ള പ്രതിരോധം
* നേരത്തേയുള്ള ശസ്ത്രക്രിയ എന്നിവ ശ്രദ്ധിക്കുക

## വേദനിക്കുന്നവർക്ക് തണലായി ശ്രദ്ധ

"കാൻസർ രോഗികൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞത് വലിയ ആശ്വാസമാണ്. ദൈവം പൂർണ്ണമായും ഞങ്ങളെ കൈവിട്ടിട്ടില്ല എന്ന് ശ്രദ്ധയിലെത്തിയപ്പോൾ തോന്നി".

ദീപ രാധാകൃഷ്ണൻ.

ഞാൻ ദീപ രാധാകൃഷ്ണൻ. തൃശ്ശൂർ ജില്ലയിലെ കാഞ്ഞാണി എന്ന സ്ഥലത്ത് താമസിക്കുന്നു. ഞാനും എന്റെ ഭർത്താവും ഭർത്താവിന്റെ മാതാപിതാക്കളും അടങ്ങുന്നതാണ് ഞങ്ങളുടെ കൊച്ചു കുടുംബം. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് 14 വർഷമായിട്ടും ഞങ്ങൾക്ക് കുഞ്ഞുങ്ങൾ ഇല്ലായിരുന്നു ചികിത്സയും വഴിപാടുകളും ഒരുപാട് ചെയ്തിട്ടും ഫലമുണ്ടായില്ല. മറ്റുള്ളവരുടെ മുന്നിൽ ഞങ്ങളുടെ വിഷമം കാണിക്കാതെ ദൈവത്തോടു മാത്രം പരാതിയും പരിഭവവും പറഞ്ഞ് കൊച്ചു കൊച്ചു ഇണക്കങ്ങളും പിണക്കങ്ങളുമായി ഞങ്ങൾ ജീവിക്കുകയായിരുന്നു. അങ്ങനെയിരിക്കെയാണ് ഭർത്താവിന് തൊണ്ടയിൽ വേദനവന്നത്. ആദ്യം ഞങ്ങളത കാര്യമാക്കിയില്ല. കുറെ നാൾ കഴിഞ്ഞിട്ടും മാറാതെ വന്നപ്പോഴാണ് ഞങ്ങളുടെ നാട്ടിലെ തന്നെ മെഡിക്കൽകോളേജ് ആശുപത്രിയിൽ കാണിച്ചത്. അവിടത്തെ വിശദമായ പരിശോധനയിൽ ആണ് നാവിന്റെ കട ഭാഗത്ത് പഴുപ്പ് ഉണ്ടെന്ന് കണ്ടെത്തിയത്. സംശയം തീർക്കാനായി ബയോപ്സി ചെയ്തപ്പോൾ അത് ക്യാൻസർ ആണെന്ന് അറിഞ്ഞു. ആകെ തകർന്ന് പോയ നിമിഷമായിരുന്നു അത്. ടെസ്റ്റുകളും സ്കാനിങ്ങും ചെയ്ത് നോക്കിയപ്പോൾ ഓപ്പറേഷൻ വേണമെന്നും അതിന് ഏറ്റവും നല്ലത് തിരുവനന്തപുരം ആർ.സി.സി യിൽ പോകുന്നതാണെന്നും അവിടുത്തെ ഡോക്ടർ പറഞ്ഞു. ഒരു കുഞ്ഞു ജീവിനു വേണ്ടി പ്രാർത്ഥിച്ച ഞങ്ങളുടെ ജീവിതം തന്നെ ഇരുട്ടിലാക്കിയ ദൈവത്തോട് പ്രാർത്ഥിക്കാനുള്ള ധൈര്യം പോലും എനിക്ക് നഷ്ടപ്പെട്ടു. അങ്ങനെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടറുടെ ലെറ്ററുമായി ഞങ്ങളുടെ ഒരു കസിനുമൊത്ത് ഇവിടെ എത്തി പേര് രജിസ്ട്രർ ചെയ്ത് ഡോക്ടറെ കണ്ടു. ഡോക്ടറുടെ നിർദ്ദേശപ്രകാരം ടെസ്റ്റുകളെല്ലാം ചെയ്തു. പെട്ടെന്ന് തന്നെ ഓപ്പറേഷനുള്ള ഡേറ്റ് കിട്ടി. ഓപ്പറേഷൻ കഴിഞ്ഞ് ഞങ്ങളെ എവിടെ താമസിപ്പിക്കണമെന്നതിനെകുറിച്ച് കസിൻ അന്വേഷിച്ചപ്പോഴാണ് ചാലക്കുഴി റോഡിലുള്ള "ശ്രദ്ധ" എന്ന പേരുള്ള ദേവകീ വാര്യർ സ്മാരകത്തെക്കുറിച്ച് അറിയുന്നത്. അങ്ങനെ ഞങ്ങൾ ഇവിടെ എത്തിച്ചേർന്നു ഇവിടെ എത്തിചേരുമ്പോൾ ഈ സ്ഥാപനത്തെക്കുറിച്ച് കൂടുതലൊന്നും ഞങ്ങൾക്ക് അറിവുണ്ടായിരുന്നില്ല. ക്യാൻസർ രോഗികൾക്ക് വേണ്ടി ഒരുപാട് സുമനസ്സുകളുടെ സഹായത്താൽ നടത്തുന്ന ഈ സ്ഥാപനത്തിൽ എത്തിചേരാൻ കഴിഞ്ഞതാണ് ആർ.സി.സി യിൽ വന്നതിനുശേഷം ഞങ്ങളുടെ ഏറ്റവും വലിയ ആശ്വാസം. ദൈവം പൂർണ്ണമായും ഞങ്ങളെ കൈവിട്ടിട്ടില്ല എന്നു തോന്നിയ നിമിഷങ്ങളിലൊന്നാണ് ഇവിടെ എത്തിചേർന്ന സമയം. ഓപ്പറേഷനുശേഷം റേഡിയേഷനു വേണ്ടി ഒരു മാസത്തിലധികം ഞങ്ങൾ ഇവിടെ കഴിഞ്ഞു. ഓപ്പറേഷൻ കഴിഞ്ഞ് മൂക്കിൽ ട്യൂബ് ഇട്ടാണ് ഇവിടെ എത്തിയത്. ട്യൂബ് ഇട്ടതിനുശേഷം മിക്സിയിൽ അടിച്ചാണ് ഭക്ഷണം കൊടുത്ത് കൊണ്ടിരുന്നത്. അതിനുവേണ്ടിയുള്ള എല്ലാ സഹായവും ഞങ്ങൾക്ക് ഇവിടെ നിന്ന് ലഭിച്ചു ഇവിടെ താമസിക്കുന്ന രോഗികളോടുള്ള ആന്റിമാരുടെ കരുതൽ കണ്ട് മനസ്സുകൊണ്ട് ഇവരെ നമിച്ചിട്ടുണ്ട്. മൂന്നുനേരത്തെ ഭക്ഷണവും കിടക്കാൻ കട്ടിലും കൂടാതെ സാമ്പത്തിക സഹായവും ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ ഞങ്ങളെപ്പോലെ വേദനിക്കുന്ന ഒരുപാട് കൂട്ടുകാരെയും എന്റെ ഭർത്താവിന്റെ അസുഖം മാറി ഇവിടെ നിന്ന് പോയാലും ഈ സ്ഥാപനത്തോടും ഇത് നടത്തുന്ന എല്ലാ മനുഷ്യ സ്നേഹികളോടും പ്രത്യേകിച്ച് ഞങ്ങൾക്ക് മൂന്നു നേരം ഭക്ഷണംവെച്ച് വിളമ്പി തന്ന ഇന്ദിരാന്റിയോടും ഐഷ്യാന്റിയോടും ഞങ്ങളുടെ നന്ദിയും പ്രാർത്ഥനയും ഉണ്ടായിരിക്കും. ഇവർക്കെല്ലാം ആയുരാരോഗ്യ സൗഖ്യം ഉണ്ടാകുവാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു


രാധാകൃഷ്ണൻ

# ശ്വാസകോശാർബുദത്തെ അറിയാം; ലക്ഷണങ്ങളും

ഏറ്റവും അപകടകരമായ അർബുദങ്ങളിലൊന്നാണു ശ്വാസകോശത്തെ ബാധിക്കുന്ന ക്യാൻസറുകൾ. രോഗത്തിന്റെ ആദ്യകാലങ്ങളിൽ പ്രകടമായ ലക്ഷണങ്ങൾ ഒന്നും തന്നെയുണ്ടാവുന്നില്ല എന്നതാണ് ശ്വാസകോശാർബുദത്തിന്റെ പ്രത്യേകത. രോഗത്തിന്റെ പ്രാഥമിക ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് അറിയാം.

**1.ശ്വസനത്തിലെ വ്യത്യാസങ്ങൾ**

ശ്വസനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ ശ്വാസകോശ ക്യാൻസറിന്റെ ലക്ഷണമാകാനുള്ള സാധ്യതയുണ്ട്. ശ്വസനത്തിന്റെ കുറവ് അല്ലെങ്കിൽ പെട്ടെന്നുള്ള ശ്വസനങ്ങൾ എന്നിവ ശ്വാസകോശ ക്യാൻസറിന്റെ ഭാഗമായി സംഭവിക്കാവുന്നതാണ്.
ശ്വാസകോശത്തിൽ മുഴകൾ ഉണ്ടെങ്കിൽ ശ്വസനത്തിൽ വ്യതിയാനങ്ങൾ സംഭവിക്കാവുന്നതാണ്.

**2.വിട്ടുമാറാത്ത ചുമ**

ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ മൂലമുണ്ടാകുന്ന ചുമ ഒന്നോ രണ്ടോ ആഴ്ചകൾ മാത്രമാകും ഉണ്ടാവുക. എന്നാൽ വിട്ടുമാറാത്ത ചുമ ശ്വാസകോശത്തിലെ കാൻസറിന്റെ ലക്ഷണമാകാനുള്ള സാധ്യതയുണ്ട്. ഇത്തരത്തിലുള്ള ചുമയെ പെട്ടെന്നുള്ള മരുന്നുകളിലൂടെ ഒഴിവാക്കാതിരിക്കുകയാണ് വേണ്ടത്.ഇത്തരത്തിലുള്ള ചുമ വരണ്ടതോ മ്യൂക്കസ് ഉല്പാദിപ്പിക്കുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്.
ഡോക്ടറെ സമീപിച്ച് എക്സ്റേയോ മറ്റു ടെസ്റ്റുകളോ ചെയ്യേണ്ടത് ആവശ്യമാണ്.

**3. നെഞ്ച് വേദന**

ശ്വാസകോശാർബുദം നെഞ്ച് വേദനയ്ക്കും കാരണമാകാറുണ്ട്. നെഞ്ച്, ഷോള്ഡർ, പുറം തുടങ്ങിയ ഭാഗങ്ങളിൽ ചുമയോടുകൂടിയ വേദനയും ഇതിനോടൊപ്പം അനുഭവപ്പെടാം.

**4. ശ്വാസം മുട്ട്**

ശ്വാസകോശങ്ങളിൽ തടസ്സമുണ്ടാകുമ്പോൾ ശ്വാസം മുട്ടിനുള്ള സാധ്യത അധികമാണ്.
ശ്വാസകോശത്തിലെ മുഴയുമായി ശ്വാസകോശം ഉരസുമ്പോൾ ചൂളം വിളിക്കുന്നതു പോലുള്ള ശബ്ദം കേൾക്കുകയും ചെയ്യും.

**5. ശബ്ദത്തിലെ വ്യതിയാനം**

നിങ്ങളുടെ ശബ്ദത്തിലുണ്ടാകുന്ന വ്യതിയാനങ്ങളും രോഗലക്ഷണമായേക്കാം. പുരുഷന്മാരുടെ ശബ്ദത്തിലേക്ക് പെട്ടെന്ന് മാറുകയാണെങ്കിൽ ചികിത്സ തേടേണ്ടതുണ്ട്.

**6. ഭാരം കുറയൽ**

നിങ്ങളുടെ ശരീര ഭാരം പെട്ടെന്ന് കുറയുന്നതും ശ്വാസകോശാർബുദത്തിനോ മറ്റു രീതിയിലുള്ള അർബുദങ്ങളുടെയോ കാരണമാകാം.

**7. അസ്ഥി വേദന**

ശ്വാസകോശാർബുദം അസ്ഥികളിലേക്കാകും കൂടുതലും വ്യാപിക്കുക. ഇത് ശരീരത്തിന്റെ പുറക് വശത്തും അസ്ഥികളിലും വേദനയ്ക്ക് കാരണമായേക്കാം. രാത്രികാലങ്ങളിൽ മൂർച്ചിക്കുകയും ശരീരം അനങ്ങുമ്പോൾ കൂടുകയും ചെയ്യുന്ന രീതിയിലാകും ഇത്തരം വേദന.

**8. തലവേദന**

തലവേദനയും ശ്വാസകോശാർബുദം മൂലം ഉണ്ടാകാറുണ്ട്. ശ്വാസകോശാർബുദം മസ്തിഷ്കത്തിലേക്ക് വ്യാപിക്കുമ്പോഴാകും തലവേദനകൂടുതലായും അനുഭവപ്പെടുക.

**ചികിത്സ**

രോഗവ്യാപ്തി, ഏതിനം കോശങ്ങളാണു ക്യാൻസറിനു കാരണം, രോഗിയുടെ പൊതു ആരോഗ്യസ്ഥിതി എന്നിങ്ങനെ നിരവധി ഘടകങ്ങൾ പരിഗണിച്ചാണു ചികിത്സ നിർണയിക്കുന്നത്.
രോഗം ശ്വാസകോശത്തിന്റെ ഒരു ചെറിയ ഭാഗത്ത് ഒതുങ്ങി നില്ക്കുന്ന അവസ്ഥയാണെങ്കിൽ ശസ്ത്രക്രിയ പ്രയോജനപ്പെടും. എന്നാൽ, ഈ ഘട്ടത്തിൽ പലപ്പോഴും ശ്വാസകോശാർബുദം കണ്ടുപിടിക്കപ്പെടാറില്ല എന്നതാണു യാഥാർത്ഥ്യം.
റേഡിയേഷൻ ചികിത്സ, കീമോതെറാപ്പി എന്നിവയാണു ശ്വാസകോശാർബുദത്തിനു നിലവിലുള്ള പ്രധാനചികിത്സാമുറകൾ.

കടപ്പാട്: ഹെല്ത്ത് ലൈൻ



# ഓറഞ്ച് രക്താർബുദം തടയും

ഓറഞ്ച്, നാരങ്ങ തുടങ്ങിയ ജീവകം സി ധാരാളം അടങ്ങിയ ഭക്ഷണം രക്താർബുദം തടയുമെന്നു പഠനം. ജീവകം സി കുറവുള്ള ആളുകൾക്ക് അർബുദ സാധ്യത കൂടുതലാണെന്ന് മുൻപഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ടെങ്കിലും അത് എന്തുകൊണ്ടാണെന്ന് മനസ്സിലായിരുന്നില്ല. ജീവകം സി മൂലകോശങ്ങളെ (Stem cells) അസാധാരണമായ വിധം കൂടുതൽ കുതിർക്കുകയും ഇത് കോശങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുക വഴി രക്താർബുദം (leukemia) തടയുകയും ചെയ്യും എന്നാണ് നേച്ചർ ജേണലിൽ പ്രസിദ്ധീകരിച്ച പഠനം പറയുന്നത്.

ഡി എൻ എയിലെ ചില രാസപരിണാമങ്ങളെ നിയന്ത്രിക്കാനായി മൂലകോശങ്ങൾ അസ്കോർബേറ്റിനെ ഉപയോഗിക്കുന്നു ഇവ എപ്പിജിനോമിന്റെ ഭാഗങ്ങളാണ്. ഏതു ജീനിനെയാണ് ഓൺ അല്ലെങ്കിൽ ഓഫ് ചെയ്യേണ്ടത് എന്നതിനെ നിയന്ത്രിക്കുന്ന കോശങ്ങളിലെ പ്രവർത്തനമാണ് എപ്പിജിനോം. മൂലകോശങ്ങൾക്ക് ആവശ്യത്തിന് ജീവകം സി ലഭിച്ചില്ലെങ്കിൽ മൂലകോശങ്ങളുടെ പ്രവർത്തനം തകരാറിലാക്കുക വഴി എപ്പിജിനോമിന് നാശം സംഭവിക്കുകയും രക്താർബുദ സാധ്യത കൂടുകയും ചെയ്യും.

വർധിച്ച രോഗ സാധ്യത ടെറ്റ് 2 (Tet 2) എന്ന എൻസൈമിനെ അസ്കോർബേറ്റ് എങ്ങനെ ബാധിക്കുന്നു എന്നതുമായി ഭാഗികമായി ബന്ധപ്പെട്ടിരിക്കുന്നു. രക്താർബുദത്തിന്റെ ആദ്യപടിയാണ് ടെറ്റ് 2 വിനെ നിർജ്ജീവമാക്കുന്ന മ്യൂട്ടേഷൻ. അസ്കോർബേറ്റ് ശോഷണം, കലകളിൽ ടെറ്റ് 2 ന്റെ പ്രവർത്തനം പരിമിതപ്പെടുത്തുകയും രക്താർബുദ സാധ്യത വർധിപ്പിക്കുകയും ചെയ്യുന്നു. രക്താർബുദവും മറ്റ് രോഗങ്ങളും വരാൻ സാധ്യത കൂടുതലുള്ളവർക്കും അർബുദത്തിനു തൊട്ടുമുമ്പുള്ള അവസ്ഥയായ ക്ലോണൽ ഹിമറ്റോപോയിസെസ് ഉള്ള മുതിർന്ന രോഗികൾക്കും ഈ പഠനഫലം പ്രധാനമാണ്.ക്ലോണൽ ഹിമറ്റോപോയി സെസ് ഉള്ളവർ ദിവസവും ആവശ്യമായ ജീവകം സി നൂറു ശതമാനവും ലഭിക്കാൻ ശ്രദ്ധിക്കണം. കാരണം ഇവരിൽ ഒരു ടെറ്റ് 2 മാത്രമേ ബാക്കിയുള്ളൂ അർബുദത്തിൽ നിന്നും സംരക്ഷണമേകാൻ അർബുദ മുഴകളെ നശിപ്പിക്കുന്ന ടെറ്റ് 2 വിന്റെ പ്രവർത്തനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനാൽ ദിവസവും ഓറഞ്ച്, നാരങ്ങ തുടങ്ങിയ ജീവകം സി ധാരാളമുള്ള ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കണമെന്നും പഠനം പറയുന്നു.

# നവോത്ഥാനത്തിന്റെ ഈറ്റില്ലം



പള്ളത്തുമന

പള്ളത്തുമന, ദേവകിയേടത്തി ജനിച്ചുവളർന്ന മന, എല്ലാവിധ നവോത്ഥാനപ്രവർത്തനങ്ങളുടെയും ഈറ്റില്ലമാണ്.ജാതീയമായ ഉച്ച നീചത്വങ്ങൾക്കെതിരേ, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരേ പടപൊരുതാൻ സാധാരണ ജനങ്ങളെയും പാവപ്പെട്ടവരെയും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളെല്ലാം പള്ളത്തുമനയിൽ നിന്നാണ് തുടങ്ങിയത്. അതിനു ചുക്കാൻ പിടിച്ചത്, പള്ളത്തു കൃഷ്ണനും ആര്യാപള്ളവും. ബ്രിട്ടീഷ് സർക്കാർ വേട്ടയാടിക്കൊണ്ടിരുന്ന പാർട്ടി പ്രവർത്തകർക്ക് സുരക്ഷിതമായ ഒളിത്താവളമൊരുക്കിയതും ഈ മനയാണ്. പുരോഗമനപരവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾ നിർവഹിച്ചുകൊണ്ട് ഇന്നും ഒരു മാറ്റവുമില്ലാതെ പള്ളത്തുമന നിലകൊള്ളുന്നു.
2008 ലാണ് മെഹറുമൊരുമിച്ച് ഞാൻ അവിടെപ്പോയത്. വിശാലമായ വയലേലകൾക്കപ്പുറം പ്രതാപങ്ങളൊന്നും എടുത്തു കാട്ടാനില്ലാത്ത മന.പണ്ടത്തേതിൽ നിന്ന് കുറച്ചു വെട്ടിച്ചുരുക്കിയെന്നുമാത്രം.മനയുടെ ഒരു ഭാഗം പാർട്ടി ഓഫീസായി പ്രവർത്തിക്കുന്നു. ദേവകിയേടത്തിയുടെ സഹോദരന്റെ മകൻ അഭയം കുഞ്ഞുകുട്ടനും കുടുംബവുമാണവിടെ ഇപ്പോൾ താമസിക്കുന്നത്. അഭയത്തിലെ പാവങ്ങളുടെയും വീടാണത്. ബാങ്കിലെ ജോലി രാജി വച്ച് നിരാലംബരെ സംരക്ഷിക്കുന്നതിനുവേണ്ടി അഭയം എന്ന താവളത്തിനു രൂപം നൽകി, ആരോരുമില്ലാത്ത പാവങ്ങൾക്കുവേണ്ടി സ്വയം സമർപ്പിച്ചിരിക്കയാണ്,അഭയം കുഞ്ഞുകുട്ടൻ. മനയോടു ചേർന്നുള്ള വയലിലും കൃഷിഭൂമിയിലും ജൈവ രീതിയിൽ കൃഷി ചെയ്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങളാണ് അവിടുത്തെ അന്തേവാസികളുടെ ഭക്ഷണത്തിനുപയോഗിക്കുന്നത്. ദേവകിയേടത്തിയും സ്വന്തം ഭൂമി അഭയത്തിനുവേണ്ടി വിട്ടുകൊടുത്തിരിക്കുന്നു.
വീടിന്റെ മച്ചിൻമുകളിലെ ഹാളിൽ 2007 ഫെബ്രുവരിയിൽ ആര്യാപള്ളം അനുസ്മരണ സെമിനാർ നടത്തിയ ബാനർ അഴിച്ചിട്ടില്ല. നിറയെ നരിച്ചീറുകൾ അവിടെ അങ്ങോട്ടുമിങ്ങോട്ടും പറക്കുന്നു മുറ്റത്തെ വലിയ കിണർ പണ്ടേപ്പോലെ. കുറച്ചപ്പുറത്തായി പുതുതായി നിർമ്മിച്ചിട്ടുള്ളത് ഒരു ടോയ് ലെറ്റ് മാത്രം.അതിന്റെ ചവിട്ടുപടിയിയാട്ടിരിക്കുന്നത് സർപ്പക്കാവിലെ കല്ലാണത്രേ. സർപ്പക്കാവുമായി ബന്ധപ്പെട്ടതെല്ലാം അങ്ങേയറ്റം അന്ധവിശ്വാസത്തിലടിയുറപ്പിച്ചതാണ്. എത്ര പുരോഗമനവാദിയായാലും അതിൽ തൊട്ടുകളിക്കാൻ മലയാളി മുതിരില്ല. ഒരു പാമ്പ് മടിയിൽ കയറിയിരുന്ന സംഭവം അതുമായി ബന്ധപ്പെട്ട് മെഹർ ഓർമ്മിച്ചെടുക്കുകയും അതെക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. സർപ്പക്കാവിലെ കല്ല് മാറ്റുന്നതിനു മുമ്പാണ് ഈ സംഭവമെങ്കിൽ ഈ വിശ്വാസത്തിന്റെ സാംഗത്യമുറപ്പിക്കുമായിരുന്നു.
മാറ്റം വരുത്തേണ്ടത്, വീടുകൾക്കും മറ്റു പുറം മോടികൾക്കുമല്ല, മനസ്സിനും ആശയങ്ങൾക്കും പ്രവർത്തനങ്ങൾക്കുമാണെന്ന് ആ ചുറ്റുപാടുകൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. അത്തരം ചിന്തകളെയെല്ലാം പുറം തള്ളി പുരോഗമനവാദി എന്നു പുറം പൂച്ചു പറഞ്ഞുകൊണ്ട് മലയാളി ഇന്ന് എവിടെച്ചെന്നു നിൽക്കുന്നുവെന്ന് ഓർത്തു പോവുകയാണ്.

വി.സീതമ്മാൾ

Printing & Lay out Maria Print Magic
Ph: 0471-2323290 mariaprintmagic@gmail.com
Prepared by D. Radhamani
Devaki Warrier Memorial Women's Studies & Empowerment Centre, CRRA 37, Chalakkuzhi Road, Pattom (PO), Thiruvananthapuram - 695 004, Ph: 0471-2441794
Private Circulation only